B1 - 19522/19



# പരിശോധനാ റിപ്പോർട്ട്

## ജില്ലാ പട്ടികജാതി വികസന ഓഫീസ്, കോട്ടയം

| | | |
|---|---|---|
| പരിശോധനാ കാലയളവ് | : | 01.09.2017 മുതൽ 31.03.2019 വരെ |
| പരിശോധനാ തീയതി | : | 08.07.2019 മുതൽ 12.07.2019 വരെ |
| പരിശോധനാ വിഭാഗം | : | ഫിനാൻസ് ഡി സെക്ഷൻ |
| പരിശോധനാ ടീമിൽ പങ്കെടുത്തവർ | : | 1) കെ.എസ്. സുദർശനൻ ആചാരി (സീനിയർ സൂപ്രണ്ട്)<br>2) എം.എ. നിദീഷ് (സീനിയർ ക്ളാർക്ക്) |

## പരിശോധനാ കാലയളവിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ ആയിരുന്നവരുടെ പേരു വിവരവും കാലയളവും

| ക്രമ നമ്പർ | പേര് | കാലയളവ് | പെൻ നമ്പർ | അഭിപ്രായം |
|---|---|---|---|---|
| 1 | ശ്രീ. ജോസഫ് ജോൺ | 01.06.2017 മുതൽ 19.09.2017 വരെ | 226781 | അധിക ചുമതല |
| 2 | ശ്രീമതി. സജിനി മോൾ. ഡി. | 19.09.2017 മുതൽ 26.09.2017 വരെ | 226944 | അധിക ചുമതല |
| 3 | ശ്രീ. വി. അനിൽ കുമാർ | 27.09.2017 മുതൽ 20.12.2017 വരെ | 679194 | വിരമിച്ചു |
| 4 | ശ്രീമതി. സജിനി മോൾ. ഡി | 21.12.2017 മുതൽ 28.01.2018 വരെ | 226944 | അധിക ചുമതല |
| 5 | ശ്രീ. എസ്. കൃഷ്ണകുമാർ | 29.01.2018 മുതൽ 30.04.2018 വരെ | 227001 | വിരമിച്ചു |
| 6 | ശ്രീമതി. സജിനി മോൾ. ഡി | 01.05.2018 മുതൽ 27.05.2018 വരെ | 226944 | അധിക ചുമതല |
| 7 | ശ്രീമതി. വി.പി. ബീന | 28.05.2018 മുതൽ 16.06.2018 വരെ | 671425 | |
| 8 | ശ്രീമതി. സജിനി മോൾ. ഡി | 17.06.2018 മുതൽ 28.06.2018 വരെ | 226944 | അധിക ചുമതല |
| 9 | ശ്രീമതി. വി.പി. ബീന | 29.06.2018 മുതൽ 30.09.2018 വരെ | 671425 | |
| 10 | ശ്രീ. ആർ. രഘു | 01.10.2018 മുതൽ 15.10.2018 വരെ | | |
| 11 | ശ്രീമതി. വി.പി. ബീന | 16.10.2018 മുതൽ 31.12.2018 വരെ | 671425 | |
| 12 | ശ്രീമതി. പി. സബിത | 01.01.2019 മുതൽ 13.01.2019 വരെ | 227387 | അധിക ചുമതല |
| 13 | ശ്രീമതി. വി.പി. ബീന | 14.01.2019 മുതൽ 07.02.2019 വരെ | 671425 | |
| 14 | ശ്രീമതി. പി. സബിത | 08.02.2019 മുതൽ 10.03.2019 വരെ | 227387 | അധിക ചുമതല |
| 15 | ശ്രീമതി. വി.പി. ബീന | 11.03.2019 മുതൽ 31.03.2019 വരെ | 671425 | |

## പരിശോധനാ കാലയളവിൽ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ ആയിരുന്നവരുടെ പേരും കാലയളവും

| ക്രമ നമ്പർ | പേര് | കാലയളവ് | പെൻ നമ്പർ | അഭിപ്രായം |
|---|---|---|---|---|
| 1 | ശ്രീ. ജോസഫ് ജോൺ | 10.05.2017 മുതൽ 19.09.2017 വരെ | 226781 | |
| 2 | ശ്രീമതി. സജിനി മോൾ. ഡി. | 19.09.2017 മുതൽ 19.10.2018 വരെ | 226944 | |
| 3 | ശ്രീ. പി. സബിത | 20.10.2018 മുതൽ തുടരുന്നു | 227387 | |

## ആമുഖം

### (എ) വകുപ്പുതല പരിശോധന

i. 01.04.2015 മുതൽ 31.08.2017 വരെയുള്ള കാലയളവിലെ പരിശോധന കുറിപ്പിന് 17.11.2018-ലെ ഫിൻ.ബി1-28382/17 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ടിന് 20.12.2018-ലെ എ3-5749/18 നമ്പർ കത്തു പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസർ മറുപടി നൽകിയിരുന്നു. ആയതിനു 13.03.2019 -ലെ ഫിൻ ബി.1-28382/17 നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് റിപ്പോർട്ടിനായി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ലഭ്യമാക്കിയിരുന്നു. ആയതിനു ~~മറുപടി~~ നൽകിയതായി കാണുന്നില്ല. സമയബന്ധിതമായി മറുപടി നൽകേണ്ടതാണ്.

ii. 01.06.2013 മുതൽ 31.03.2015 വരെയുള്ള കാലയളവിലെ പരിശോധന 19.05.2015 മുതൽ 22.05.2015 വരെ തീയതികളിൽ പരിശോധന നടത്തി 04.09.2015-ലെ ഫിൻ.ബി1-17702/15-ലെ കത്തു പ്രകാരം ലഭ്യമാക്കിയതിനു ജില്ലാ പട്ടികജാതി വികസന ഓഫീസർ 04.06.2016-ലെ എ3-5777/15 നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിരുന്നു. മറുപടി അംഗീകരിച്ചു ലഭിച്ചിട്ടില്ല. റിപ്പോർട്ടിന്റെ തുടർ നടപടി റിപ്പോർട്ടു ചെയ്യേണ്ടതാണ്.

### (ബി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ട്

2016-17, 2017-18 കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന നടത്തി 22.05.2018-ലെ SGS III (HQ) IV/I/12-17/16-18/18-19/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയതിനു ജില്ലാ പട്ടികജാതി വികസന ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പരിശോധന കുറിപ്പിൽ മുൻ പരിശോധന കുറിപ്പുകളിലെ ചുവടെ ചേർക്കുന്ന ഖണ്ഡികകൾ അവശേഷിക്കുന്നതായി അറിയിച്ചിരുന്നു.

1. OA/HQ/II/IV/12-258/09-10 ഭാഗം IIB-IV & V
2. OA/HQ/II/IV/12-146/12-13 ഭാഗം IIB-I to IV
3. OA/HQ/IV/II/12-81/13-14 ഭാഗം IIB-I to V
4. OA/HQ/IV/12-115/14-15 ഭാഗം IIB-I to VI
5. OA/HQ/IV/II/12-83/15-16 ഭാഗം IIB- I to VI
6. OA/HQ/IV/II/12-13/16-17 ഭാഗം IIB-I, II, IV, V, VI, VII

റിപ്പോർട്ടിനു മറുപടി സമയബന്ധിതമായി നൽകേണ്ടതും വിശദീകരണം സഹിതം പകർപ്പു ലഭ്യമാക്കേണ്ടതുമാണ്.

ഭാഗം - I

## ക്യാഷ് ബുക്കും അനുബന്ധ രേഖകളും

### ക്യാഷ് ബുക്ക് / ബിൽ ബുക്ക്

സി.ബി.-244/18-19 പ്രകാരം 3,40,500/- രൂപയുടെ ബിൽ 26.11.2018-ന് ട്രഷറിയിൽ ഹാജരാക്കിയിരിക്കുന്നു. എന്നാൽ ടി ബിൽ പ്രകാരമുള്ള തുക ട്രഷറി ഓഫീസർ പാസാക്കിയതായി കാണുന്നില്ല. ക്യാഷ്ബുക്കിൽ 29.11.2018-ന് മേൽ തുക വരവ് കാണിച്ചിട്ടുമുണ്ട്. വിശദീകരണം നൽകേണ്ടതാണ്.

### അക്വിറ്റൻസ് രജിസ്റ്റർ (അപ്രന്റീസ് ക്ലാർക്ക്, ഡെയ്‌ലി വേജസ്)

രജിസ്റ്ററിൽ ബിൽ നമ്പർ, തുക മാറിയ തീയതി തുടങ്ങിയ എല്ലാ രേഖപ്പെടുത്തലുകളും ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### അക്വിറ്റൻസ് രജിസ്റ്റർ (സ്റ്റാഫ്)

രജിസ്റ്ററിൽ credit confirmation statement -ന്റെ പ്രിന്റ് ഔട്ട് പതിപ്പിച്ച് പൂർണ്ണമായി രേഖപ്പെടുത്തലുകൾ നടത്തി പരിപാലിച്ച് വരുന്നു. മറ്റ് പരാമർശങ്ങളില്ല.

### റ്റി.ആർ. 5 രസീതി ബുക്ക്

1. പുതിയ രീതിയിലുള്ള centralised Numbering System ഉള്ള റ്റി.ആർ. 5 ബുക്ക് പരിപാലിച്ചു വരുന്നു. ബുക്ക് നമ്പർ-7055 രസീത് നമ്പർ-705403 വരെ ഉപയോഗിച്ചിട്ടുണ്ട്.
2. റ്റി.ആർ. 5 രസീതിന്റെ ഒറിജിനൽ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ് എന്നിരിക്കെ അപ്രകാരം രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് രസീത് നമ്പർ 705403-ന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയാണ് ബുക്കിൽ സൂക്ഷിച്ചിട്ടുള്ളത് കൂടാതെ ടി രസീതിൽ കാർബൺ പേപ്പർ ഉപയോഗിക്കാതെ പേന കൊണ്ട് രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നു. മേൽ പ്രകാരം കാർബൺ പേപ്പർ ഉപയോഗിക്കാതെ രേഖപ്പെടുത്തലുകൾ നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## ഉ) ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

1. രജിസ്റ്ററിൽ ഓഫീസ് മേധാവി ദ്വൈവാര ഭൗതിക പരിശോധന നടത്തി വരുന്നതായി കാണുന്നില്ല.
2. രജിസ്റ്റർ പരിശോധിച്ചതിൽ 20.06.2018-ന് 10,000/- രൂപയുടെ സ്റ്റാമ്പ് പർച്ചേസ് ചെയ്തതായി കാണുന്നു. എന്നാൽ ബന്ധപ്പെട്ട പോസ്റ്റ്മാസ്റ്ററുടെ സീലോടു കൂടിയ സാക്ഷ്യപ്പെടുത്തിയ കത്തിന്റെ പകർപ്പ് രജിസ്റ്ററിൽ പതിപ്പിച്ചിട്ടുളളതായി കാണുന്നില്ല. ആയത് കണ്ടെത്തി രജിസ്റ്ററിൽ പതിപ്പിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ഊ) ചെലാൻ ഫയൽ

KL007181058201718M തീയതി 25.10.2017 ചെലാൻ പ്രകാരം 40/- രൂപ ട്രഷറിയിൽ ഒടുക്കിയിട്ടുളളതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ആയതിന്റെ ചെലവ് രേഖപ്പെടുത്തിയിട്ടുളളതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

## ഋ) ലോഗ് ബുക്ക്

ടി ഓഫീസിന് അനുവദിച്ചിട്ടുളള വാഹനത്തിന്റെ പ്രതിമാസ ഇന്ധന ഉപഭോഗ പരിധി നിശ്ചയിച്ചുകൊണ്ടുളള വകുപ്പ് ഡയറക്ടറുടെ ഉത്തരവ് രജിസ്റ്ററിലോ ഫയലിലോ സൂക്ഷിച്ചിട്ടുളളതായി കാണുന്നില്ല. പ്രതിമാസ ഇന്ധന ഉപഭോഗ പരിധി ആയ 52 ലിറ്റർ ~~ആണ് എന്നറിയാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ~~ താഴെപ്പറയുന്ന മാസങ്ങളിൽ ~~ഇന്ധന ഉപയോഗ പരിധി~~ അധികരിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | മാസം | ഉപയോഗിച്ച ഇന്ധനം | അധികരിച്ച ഇന്ധനം |
|---|---|---|---|
| 1 | 11/2017 | 97 ലിറ്റർ | 45 ലിറ്റർ |
| 2 | 3/2018 | 86 ലിറ്റർ | 34 ലിറ്റർ |
| 3 | 9/2018 | 105 ലിറ്റർ | 53 ലിറ്റർ |
| 4 | 10/2018 | 81 ലിറ്റർ | 29 ലിറ്റർ |
| | | ആകെ | 161 ലിറ്റർ |

മേൽ പ്രകാരം ഇന്ധന ഉപഭോഗ പരിധി അധികരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും മേലാഫീസിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## ഛ) ഫർണീച്ചർ രജിസ്റ്റർ

1) പുതിയ രജിസ്റ്റർ ഉപയോഗത്തിലെടുത്തു പരിപാലിച്ചു വരുന്നു. എന്നാൽ പഴയ രജിസ്റ്ററിലുള്ളതും നിലവിൽ ഉപയോഗിച്ചു വരുന്നതുമായി ഫർണീച്ചറുകൾ Carry Over ചെയ്ത് സൂക്ഷിച്ചിട്ടില്ല.
2) 31.03.2017-ന് ജില്ലാ ഓഫീസറായ ശ്രീ. ജോസഫ് ജോൺ ചാർജ് കൈമാറ്റം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒപ്പ് ചാർത്തിയിട്ടുള്ളതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ജ) ഇൻകംബന്റ് രജിസ്റ്റർ

രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയത് പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഝ) ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

രജിസ്റ്റർ പരിപാലിക്കുന്നില്ല. Art.63 of KFC Vol. 1 പ്രകാരം രജിസ്റ്റർ പരിപാലിക്കേണ്ടതും ചട്ടപ്രകാരം രേഖപ്പെടുത്തിലുകൾ നടത്തി വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## ഭാഗം - II

## പദ്ധതികൾ

### എ) ഭൂരഹിത പുനഃരധിവാസ പദ്ധതി

പരിശോധനാ കാലയളവിൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആനുകൂല്യം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ | ചെലവഴിച്ച തുക |
|---|---|---|---|
| 2017 - 18 | ഗ്രാമ പഞ്ചായത്ത് - 256<br>നഗരസഭ - 24 | 280 | 106718750 |
| 2018 - 19 | ഗ്രാമ പഞ്ചായത്ത് - 120<br>നഗരസഭ - 5 | 125 | 47365000 |

ബ്ലോക്ക്/ നഗരസഭ പട്ടികജാതി വികസന ഓഫീസർമാർ വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ചതിന്റെ പകർപ്പുകൾ വാങ്ങി സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## ബി) ഭവന നിർമ്മാണ ധനസഹായം

ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ 2007-08 മുതൽ 2018-19 വരെയുള്ള കാലയളവിലെ നിലവിലെ പുരോഗതി റിപ്പോർട്ടു ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാനുള്ളത് | പൂർത്തീകരിക്കുവാനുള്ളതിന്റെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007 - 08 | 622 | 600 | 22 | 3 | 13 | 6 |
| 2008 - 09 | 810 | 781 | 29 | 8 | 14 | 7 |
| 2009 - 10 | 669 | 635 | 34 | 6 | 14 | 14 |
| 2010 - 11 | 400 | 376 | 24 | 7 | 12 | 5 |
| 2011 - 12 | 169 | 144 | 25 | 0 | 9 | 16 |
| 2012 - 13 | 245 | 215 | 30 | 2 | 9 | 19 |
| 2013 - 14 | 302 | 217 | 85 | 0 | 72 | 13 |
| 2014 - 15 | 202 | 181 | 21 | 8 | 1 | 12 |
| 2015 - 16 | 273 | 227 | 46 | 14 | 10 | 22 |
| 2016 - 17 | 760 | 497 | 263 | 82 | 87 | 94 |
| 2017 - 18 | 454 | 282 | 172 | 65 | 35 | 72 |
| **ആകെ** | **4906** | **4155** | **751** | **195** | **276** | **280** |

പൂർത്തിയാക്കുവാനുള്ള ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പൂർത്തീകരിച്ച വീടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## സി) വിവാഹ ധനസഹായം

പാവപ്പെട്ട കുടുംബങ്ങളിലെ പെൺ മക്കളുടെ വിവാഹത്തിനു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം 454 ഗുണഭോക്താക്കൾക്കു 2,69,75,000/- രൂപയും 2018-19 വർഷം 368 ഗുണഭോക്താക്കൾക്കു 2,75,00,000/- രൂപയും വിതരണം ചെയ്തു. പട്ടികജാതി വികസന ഓഫീസർമാർ വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ചതു സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ഡി) മിശ്രവിവാഹ ധനസഹായം

പദ്ധതി പ്രകാരം 2017-18 വർഷം 117 ഗുണഭോക്താക്കൾക്കു 57,00,000/- രൂപയുടെയും 2018-19 വർഷം 85 ഗുണഭോക്താക്കൾക്ക് 55,00,000/- രൂപയുടെയും ധനസഹായം വിതരണം ചെയ്തു. ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 28.03.2018-ലെ എ6-4477/2017 നമ്പർ ഉത്തരവു

പ്രകാരം കടുത്തുരുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്കു 7 ഗുണഭോക്താക്കൾക്കു ധനസഹായം വിതരണം ചെയ്യുന്നതിനു 4,50,000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ടി തുക മാറി വിതരണം ചെയ്യാതെ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ തിരിച്ചു നൽകിയതായി കാണുന്നു. 2018-19 വർഷം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 13.06.2018-ലെ എ6-4529/18 പ്രകാരം ടി തുക അനുവദിച്ചതായി കാണുന്നു. ഇതു ശരിയായ നടപടി അല്ല. ഒരു സാമ്പത്തിക വർഷത്തെ തുക ആ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണ്. ഈ കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്. പട്ടികജാതി വികസന ഓഫീസർമാർ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചതു സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഇ) ചികിത്സാ ധനസഹായം

മാരകമായ രോഗം ബാധിച്ചവർക്കും മെച്ചപ്പെട്ട ചികിത്സ തേടുന്നതിനു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം 421 ഗുണഭോക്താക്കൾക്കു 80,57,500/- രൂപയും 2018-19 വർഷം 401 ഗുണഭോക്താക്കൾക്കു 97,20,300/- രൂപയും വിതരണം ചെയ്തു. പട്ടികജാതി വികസന ഓഫീസർമാർ വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ചതു സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതും പദ്ധതിയുടെ പ്രസക്ത വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ ജില്ലാതലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## എഫ്) ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി (സ്പിൽ ഓവർ)

അഞ്ചു വർഷത്തിൽ അധികം പഴക്കമുള്ളതും പുനരുദ്ധാരണ പ്രവർത്തികൾ ആവശ്യമുള്ള ഭവനങ്ങൾക്കു പുനരുദ്ധാരണ പ്രവർത്തികൾ നടത്തുന്നതിനു 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിൽ അനുവദിച്ചതിൽ പുനരുദ്ധാരണം പ്രവർത്തിയാക്കാത്ത ഭവനങ്ങളിൽ 2017-18, 2018-19 വർഷങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ചതിന്റെയും 01.04.2019-ൽ പൂർത്തീകരിക്കാതെ അവശേഷിക്കുന്നവയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**2017 - 18**

| വർഷം | 01.04.2017 -ൽ പൂർത്തിയാകുവാനുള്ളത് | 31.03.2018 വരെ പൂർത്തിയായത് | 01.04.2018-ൽ പൂർത്തിയാകുവാനുള്ളത് | ജില്ലാ തലത്തിൽ ബ്ലോക്ക് മുഖേന വിതരണം ചെയ്ത തുക |
|---|---|---|---|---|
| 2013 - 14 | 18 | 2 | 16 | 1125000 |
| 2014 - 15 | 15 | 5 | 10 | |
| 2015 - 16 | 16 | 10 | 6 | |
| 2016 - 17 | 115 | 79 | 36 | |
| **ആകെ** | **164** | **96** | **68** | |

**2018 - 19**

| വർഷം | 01.04.2018 -ൽ പൂർത്തിയാകുവാനുണ്ടായിരുന്നത് | 31.03.2019 വരെ പൂർത്തിയായത് | 01.04.2019-ൽ പൂർത്തിയാകുവാനുള്ളത് | വിതരണം ചെയ്ത തുക |
|---|---|---|---|---|
| 2013 - 14 | 16 | 0 | 16 | 0 |
| 2014 - 15 | 10 | 2 | 8 | 50000 |
| 2015 - 16 | 6 | 1 | 5 | 25000 |
| 2016 - 17 | 36 | 5 | 31 | 125000 |
| **ആകെ** | 68 | 8 | **60** | **200000** |

പൂർത്തിയാകാതെ പദ്ധതി പ്രകാരം അവശേഷിക്കുന്ന 60 ഭവനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പൂർത്തീകരിച്ചവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## ജി) സ്വയംതൊഴിൽ ധനസഹായ പദ്ധതി

പട്ടികജാതി വിഭാഗക്കാരായ സംരംഭകർക്കു ബാങ്ക് വായ്പ ലഭ്യമാക്കി സ്വയംതൊഴിൽ ആരംഭിച്ചു കഴിഞ്ഞാൽ ലഭ്യമായ വായ്പ തുകയുടെ 33% സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി ഇനത്തിൽ അനുവദിച്ച തുക |
|---|---|---|
| 2017 - 18 | 17 | 12,24,820/- |
| 2018 - 19 | 13 | 4,40,165/- |

രജിസ്റ്ററിൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പട്ടികജാതി വികസന ഓഫീസർമാർ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## എച്ച്) വിദേശ തൊഴിൽ

വിദേശത്ത് തൊഴിൽ നേടുന്നതിനു യുവതീ യുവാക്കൾക്കു ആയതിലേക്കുള്ള ചെലവുകൾക്കായി ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി ഇനത്തിൽ അനുവദിച്ച തുക |
|---|---|---|
| 2017 - 18 | 14 | 10,00,000/- |
| 2018 - 19 | 9 | 5,00,000/- |

വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ഐ) പഠനമുറി നിർമ്മാണം

പദ്ധതി പ്രകാരം പരിശോധന കാലയളവിൽ അനുവദിച്ചതും പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ പഠന മുറികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ച എണ്ണം | നിലവിൽ പൂർത്തീകരിച്ചത് | ബാക്കി | പൂർത്തീകരിക്കുവാനുള്ളതിന്റെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2017 - 18 | 378 | 302 | 76 | 0 | 6 | 70 |
| 2018 - 19 | 280 | 102 | 178 | 4 | 39 | 135 |
| **ആകെ** | **658** | **404** | **254** | **4** | **45** | **205** |

പഠനമുറി നിർമ്മാണത്തിനായി 2017-18 വർഷം 3,75,51,250/- രൂപയും 2018-19 വർഷം 7,56,10,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പൂർത്തീകരിക്കുവാനുള്ള പഠന മുറികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പൂർത്തീകരിച്ച് പഠനമുറികളുടെ വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## ജെ) പ്രളയ ദുരിതാശ്വാസം - 2018

2018 വർഷത്തെ പ്രളയത്തിൽ ദുരിതം അനുഭവിച്ചവർക്കു ആശ്വാസ ധനമായി 5000/- രൂപ നൽകിയ പദ്ധതി പ്രകാരം ജില്ലയിൽ 7867 ഗുണഭോക്താക്കൾക്ക് 3,93,35,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

## കെ) ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗങ്ങളിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങളുടെ പുനരധിവാസത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരം പരിശോധന കാലയളവിൽ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്പിൽ ഓവർ പദ്ധതികൾ | ചെലവഴിച്ച തുക | പുതിയ പദ്ധതികൾ | ചെലവഴിച്ച തുക | ആകെ |
|---|---|---|---|---|---|
| 2017-18 | ഭവന നിർമ്മാണം | 6292500 | ഭൂമി വാങ്ങൽ | 10875000 | ~~29822500~~ 23462500 |
| | | | ഭവന നിർമ്മാണം | 6287500 | |
| | | | ഭവന പുനരുദ്ധാരണം | 75000 | |
| 2018-19 | ഭവന നിർമ്മാണം | 858915 | ഭവന നിർമ്മാണം | 7560000 | ~~25999815~~ 9643915 |
| | | | ഭവന പുനരുദ്ധാരണം | 225000 | |
| | | | കൃഷി ഭൂമി വാങ്ങൽ | 1000000 | |

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പദ്ധതി സംബന്ധിച്ച പ്രസക്ത വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ ജില്ലാ തലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## എൽ) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം നടപ്പാക്കൽ

പദ്ധതി പ്രകാരം 2017-18 വർഷം 30,50,000/- രൂപയുടെ ധനസഹായം 29 ഗുണഭോക്താക്കൾക്കും 2018-19 വർഷം 34,76,250/- രൂപയുടെ ധനസഹായം 37 ഗുണഭോക്താക്കൾക്കും അനുവദിച്ചു നൽകി പദ്ധതിയുടെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ ജില്ലാ തലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റു അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## എം) സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം – 2017

~~2017~~

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിനു ഡയറക്ടറുടെ ഡെവ.ബി3-15760/17 തീയതി 15.09.2017 ഉത്തരവു പ്രകാരം 50,000/- രൂപ അനുവദിച്ചു. തുക മുൻകൂർ മാറി 2017 ഒക്ടോബർ 14-നു പരിപാടി സംഘടിപ്പിച്ചു. ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 24.10.2017-ലെ എ5-11577/17 നമ്പർ ഉത്തരവു പ്രകാരം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

2018

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ജില്ലാതല പരിപാടികൾക്കായി 19.09.2018-ലെ ഡെവ.ബി3-13365/18 നമ്പർ ഉത്തരവു പ്രകാരം 50,000/- രൂപ അനുവദിച്ചു. വൈക്കം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ ചുമതലയിൽ 2018 ഒക്ടോബർ 4-നു പരിപാടി സംഘടിപ്പിച്ചു. മുൻകൂർ മാറിയ തുക ക്രമീകരിച്ചതായി വൈക്കം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ചതു സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ഭാഗം - III

## വിദ്യാഭ്യാസ പദ്ധതികൾ

### എ) ലംപ്സംഗ്രാന്റ് വിതരണം

ജില്ലയിൽ ആകെയുള്ള 880 സ്കൂളുകളിൽ ലംപ്സംഗ്രാന്റിനർഹതയുള്ള 860 സ്കൂളുകളിലെ I മുതൽ X വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കു ലംപ്സംഗ്രാന്റിനത്തിൽ പരിശോധന കാലയളവിൽ വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|
| | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ കുട്ടികൾ | |
| 2017 - 18 | 8716 | 9128 | 17844 | 1,26,37,113/- |
| 2018 - 19 | 9116 | 9418 | 18534 | 1,25,38,447/- |

തുക വിതരണം ചെയ്ത എല്ലാ സ്കൂളുകളിൽ നിന്നും അക്വിറ്റൻസ് ലഭിച്ചതായി ബ്ലോക്ക്/ നഗരസഭ പട്ടികജാതി വികസന ഓഫീസർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

### ബി) പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

I മുതൽ IV വരെ ക്ലാസുകളിൽ സർക്കാർ സ്കൂളുകളിലും അംഗീകൃത എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000/- രൂപ നിരക്കിൽ ഒരു അദ്ധ്യായന വർഷം ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ വിതരണം ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2017 - 18 | 6680 | 1,33,60,000/- |
| 2018 - 19 | 6904 | 1,38,08,000/- |

ബ്ലോക്ക്/ നഗരസഭാ പട്ടികജാതി ഓഫീസർമാർ അക്വിറ്റൻസ് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചത് സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## സി) സെക്കന്ററി എയ്ഡ്

V മുതൽ VIII വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അധ്യായന വർഷം 2000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2017 - 18 | 7596 | 1,51,92,000/- |
| 2018 - 19 | 7784 | 1,55,68,000/- |

ബ്ലോക്ക്/ നഗരസഭാ പട്ടികജാതി ഓഫീസർമാർ സ്ഥാപനങ്ങളിൽ നിന്നും അക്വിറ്റൻസ് ലഭ്യമാക്കി പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചതും വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചതും സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ഡി) ശ്രീ. അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സേർച്ച് ഡെവലപ്മെന്റ് സ്കീം

പദ്ധതി പ്രകാരം 2017-18 വർഷം 192 വിദ്യാർത്ഥികൾക്കു 8,64,000/- രൂപയും 2018-19 വർഷം 196 വിദ്യാർത്ഥികൾക്കു 8,82,000/- രൂപയും വിതരണം ചെയ്തു. 2017-18 വർഷം പദ്ധതിയുടെ ഭാഗമായ സെമിനാർ നടത്തിപ്പിനും 15,000/- രൂപയും 2018-19 വർഷം സെമിനാർ നടത്തിപ്പിനു 10,000/- രൂപയും മുൻകൂർ മാറിയതിൽ 9850/- രൂപ ചെലവഴിക്കുകയും ബാക്കി 150/- രൂപ കോട്ടയം ജില്ലാ ട്രഷറിയലെ KL00732453820819 നമ്പർ ചെലാൻ പ്രകാരം

തിരിച്ചടയ്ക്കുകയും ചെയ്തു. പദ്ധതിയെ സംബന്ധിച്ചു ബ്ലോക്ക്/ നഗരസഭാ അടിസ്ഥാനത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് പട്ടികജാതി വികസന ഓഫീസർമാർ അയച്ചതു സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## ഇ) പ്രത്യേക പ്രോത്സാഹന സമ്മാനം

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്കു ക്യാഷ് അവാർഡു നൽകുന്ന പദ്ധതി പ്രകാരം ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**2017-18**

1010 വിദ്യാർത്ഥികൾക്ക് 26,10,000/- രൂപ വിതരണം ചെയ്തു.

**2018-19**

2018-19 വർഷം 983 വിദ്യാർത്ഥികൾക്ക് 25,90,500/- രൂപ വിതരണം ചെയ്തു.

പട്ടികജാതി വികസന ഓഫീസർമാർ വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ചതു സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## എഫ്) ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ് ഇൻസൈഡ് കേരള

പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | ആനുകൂല്യം അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ചു നൽകിയ തുക |
|---|---|---|---|
| 2017 - 18 | 14 | 111 | 37,25,790/- |
| 2018 - 19 | 14 | 102 | 30,36,461/- |

## ജി) ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ് ഔട്ട് സൈഡ് കേരള

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | ആനുകൂല്യം അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ചു നൽകിയ തുക |
|---|---|---|---|
| 2017 - 18 | 13 | 19 | 16,18,573/- |
| 2018 - 19 | 19 | 43 | 31,10,174/- |

പ്രത്യേക പരാമർശമില്ല.

53/



## എച്ച്) ബുക്ക് ബാങ്ക് സ്കീം

ബുക്ക് ബാങ്ക് സ്കീം പദ്ധതി പ്രകാരം പരിശോധന കാലയളവിൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൽ ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 2017 - 18 | 14 | 179 | 5,40,900/- |
| 2018 - 19 | 14 | 208 | 6,70,300/- |

സ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റു രസീത് വാങ്ങി സൂക്ഷിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ഐ) എഞ്ചിനീയറിംഗ് / മെഡിക്കൽ കോഴ്സുകൾക്കു പ്രവേശനം ലഭിച്ചവർക്കു പ്രാരംഭ ചെലവുകൾക്കു ധനസഹായം

എഞ്ചിനീയറിംഗ് കോഴ്സിനു പ്രവേശനം ലഭിച്ചവർക്കു 5000/- രൂപ നിരക്കിലും മെഡിക്കൽ കോഴ്സുകൾക്കു പ്രവേശനം ലഭിച്ചവർക്കു 10,000/- രൂപ നിരക്കിലും പ്രാരംഭ ചെലവുകൾക്കു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | നിരക്ക് | തുക | ആകെ |
|---|---|---|---|---|
| 2017-18 | എഞ്ചിനീയറിംഗ് : 44 | 5000 | 2,20,000 | 3,40,000 |
| | മെഡിക്കൽ : 12 | 10000 | 1,20,000 | |
| 2018-19 | എഞ്ചിനീയറിംഗ് : 41 | 5000 | 2,05,000 | 2,85,000 |
| | മെഡിക്കൽ : 8 | 10000 | 80,000 | |

പരിശോധന കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ജെ) ലാപ്ടോപ്പ് വിതരണം

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ലാപ്ടോപ്പ് വാങ്ങുന്നതിനു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം 166 വിദ്യാർത്ഥികൾക്കായി 41,48,900/-

രൂപയും 2018-19 വർഷം 117 വിദ്യാർത്ഥികൾക്കായി 32,00,000/- രൂപയും അനുവദിച്ചു നൽകി. ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## കെ) സ്റ്റെതസ്കോപ്പ് വിതരണം

പദ്ധതി പ്രകാരം 2017-18 വർഷം 15 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്കും 3 ബി.ഡി.എസ്. വിദ്യാർത്ഥികൾക്കും ഉൾപ്പെടെ ആകെ 18 വിദ്യാർത്ഥികൾക്കു 5800/- രൂപ ക്രമത്തിൽ ആകെ 1,04,400/- രൂപ അനുവദിച്ചു നൽകി. പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

2018-19 വർഷം 11 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്കും 2 ബി.ഡി.എസ്. വിദ്യാർത്ഥികൾക്കും ഉൾപ്പടെ ആകെ 13 വിദ്യാർത്ഥികൾക്കു 5800/- രൂപ നിരക്കിൽ ആകെ 75,400/- രൂപ വിതരണം ചെയ്തു.

പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും 2018-19 വർഷത്തെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## എൽ) സ്റ്റഡി ടൂർ

പഠനയാത്രയിൽ പങ്കെടുക്കുന്ന അംഗീകൃത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കു പരമാവധി 4,000/- രൂപ ക്രമത്തിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം 24 സ്ഥാപനങ്ങളിലെ 189 വിദ്യാർത്ഥികൾക്കായി 4,98,590/- രൂപ ചെലവഴിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

2018-19 വർഷം 15 സ്ഥാപനങ്ങളിലെ 203 വിദ്യാർത്ഥികൾക്കായി 5,39,413/- രൂപ ചെലവഴിച്ചു. സ്ഥാപനങ്ങളിൽ നിന്നും അക്വിറ്റൻസ് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന ഓഫീസർമാർ വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## എം) അഡ്വക്കേറ്റ്സ് ഗ്രാന്റ്

2018-19 വർഷം പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിനു 25,600/- രൂപ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പൂർണ്ണമായ വിവരങ്ങളും വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച വിവരങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## എൻ) പാരലൽ കോളേജ് വിദ്യാഭ്യാസം

പദ്ധതി പ്രകാരം പരിശോധന കാലയളവിൽ വിതരണം ചെയ്യുന്നതിനു അനുമതി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | നിരക്ക് | OEC [illegible] | ആകെ |
|---|---|---|---|---|
| 2017-18 | 237 | 1963229 | 283 | 54,38,565/- |
| 2018-19 | 72 | 1624674 | 488 | 76,88,769/- |

പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം പരിശോധന കാലയളവിൽ വിതരണം ചെയ്ത തുകയുടെ വിവരം പട്ടികജാതി വികസന ഓഫീസർമാരിൽ നിന്നും ശേഖരിച്ചു ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പദ്ധതി സംബന്ധിച്ച ഗുണഭോക്തൃ രജിസ്റ്റർ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത പരിശോധനയ്ക്കു സമർപ്പിക്കേണ്ടതുമാണ്.

## ഭാഗം - IV

## മറ്റു പദ്ധതികൾ

## എ) വിജ്ഞാൻ വാടി

വിജ്ഞാൻ വാടികൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടം പ്രകാരം ജില്ലയിൽ 4 വിജ്ഞാൻവാടികളും രണ്ടാം KPHC പ്രകാരം 13 വിജ്ഞാൻ വാടികളും നിർമ്മിച്ചിരുന്നു. നിലവിൽ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ചവയിൽ 3 എണ്ണവും രണ്ടാം ഘട്ടത്തിൽ സ്ഥാപിച്ചവയിൽ 6 എണ്ണവും ഉൾപ്പെടെ ആകെ 9 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. പ്രവർത്തിക്കുന്നവയുടെ ആവർത്തന ചെലവുകൾക്കായി 2017-18 വർഷം 31,608/- രൂപയും 2018-19 വർഷം 52,864/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് പട്ടികജാതി വികസന ഓഫീസർമാർ സമർപ്പിച്ചതു സംബന്ധിച്ച വിവരം ശേഖരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

പട്ടികജാതി വികസന ഓഫീസർമാർ അവരുടെ പരിധിയിൽ വരുന്ന വിജ്ഞാൻവാടികളുടെ സുഗമമായ നടത്തിപ്പിലേക്കു സ്ഥലം സന്ദർശനം നടത്തി അടിസ്ഥാന പ്രശ്നങ്ങൾ ജില്ലാ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി സ്ഥാപിക്കപ്പെട്ട എല്ലാ വിജ്ഞാൻവാടികളുടെയും പ്രവർത്തനം ഉറപ്പു വരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ടു സമർപ്പിക്കേണ്ടതാണ്.

## ബി) സ്വയംപര്യാപ്ത ഗ്രാമ പദ്ധതി

**2012-13**

2012-13 വർഷം 9 കോളനികൾ പദ്ധതി പ്രകാരം ഏറ്റെടുത്തതിൽ പുഞ്ചവയൽ 504 കോളനിയിൽ പദ്ധതി ഉപേക്ഷിച്ചിരുന്നു. ബാക്കി 8 കോളനികളിലെ നിർമ്മാണ പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരം റിപ്പോർട്ട് നൽകേണ്ടതാണ്.

**2013-14**

പദ്ധതി പ്രകാരം 5 കോളനികൾ ഏറ്റെടുത്തിരുന്നു. നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## സി) ശ്രീ. അംബേദ്കർ ഗ്രാമ വികസന പദ്ധതി

**2016-17**

പദ്ധതി പ്രകാരം 2016-17 വർഷം 12 കോളനികൾ തെരഞ്ഞെടുത്തിരുന്നു. നിർമ്മാണ പ്രവർത്തികൾ പുരോഗതിയിലാണ്. പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**2018-19**

പദ്ധതി പ്രകാരം 2018-19 വർഷം 5 കോളനികൾ തെരഞ്ഞെടുത്തു. നിർമ്മാണ ഏജൻസികളുമായി MOU ഒപ്പു വച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## ഡി) കോർപ്പസ് ഫണ്ട്

**2017-18**

2017-18 വർഷം പുതിയ പദ്ധതികൾ ഏറ്റെടുത്തിരുന്നില്ല. 20 സ്പിൽ ഓവർ പദ്ധതികൾക്കായി 1,46,24,470/- രൂപ ചെലവഴിച്ചു. പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്.

**2018-19**

2018-19 വർഷം പുതിയ 10 കുടിവെള്ള പദ്ധതികൾക്കായി 42,71,000/- രൂപ സംസ്ഥാന വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്.

## ഇ) ഐ.സി.എ. റ്റു എസ്.സി.പി.

**2017-18**

2017-18 വർഷം 40 വിദ്യാർത്ഥികൾക്ക് ജെ.സി.ബി. ഓപ്പറേറ്റിങ്ങിൽ ട്രെയിനിംഗ് നൽകി സർട്ടിഫിക്കറ്റു വിതരണം ചെയ്തു. ആയതിലേക്കു 6,00,000/- രൂപ ചെലവഴിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**2018-19**

2018-19 വർഷം ബി.പി.ഒ. ഗ്രാഫിക് കോഴ്സിലേക്കു 58 വിദ്യാർത്ഥികൾക്കു കെൽട്രോൺ മുഖേനെ പരിശീലനം നൽകുന്നതിനു 15,52,500/- രൂപ അനുവദിച്ചിരുന്നു എങ്കിലും പദ്ധതി നടപ്പാക്കുവാൻ കഴിഞ്ഞില്ല. ആയതു സംബന്ധിച്ചു വിശദീകരണം നൽകേണ്ടതാണ്.

ഭാഗം V

# രജിസ്റ്ററുകൾ

## എ) പേ ബിൽസ് രജിസ്റ്റർ

രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എല്ലാ ജീവനക്കാരുടേയും വിവരം രജിസ്റ്ററിലെ നിർദ്ദിഷ്ട കോളങ്ങളിൽ ചേർക്കേണ്ടതാണ്. ജീവനക്കാരുടെ സ്ഥലം മാറ്റം, വിരമിക്കൽ, അവസാന വേതന പത്രിക നൽകൽ എന്നീ വിവരങ്ങൾ കൂടി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## ബി) കണ്ടിൻജന്റ് ബിൽസ് രജിസ്റ്റർ

തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്. മറ്റു പരാമർശമില്ല.

## സി) സേവന പുസ്തകങ്ങളും സ്റ്റോക്ക് രജിസ്റ്ററും

സേവന പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**1)** ചുവടെ പേരു ചേർക്കുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും എസ്.എൽ.ഐ., ജി.ഐ.എസ്. എന്നിവയുടെ നിയമാനുസരണമുള്ള വിഹിതം കുറവു ചെയ്യേണ്ടതാണ്.

| | | | |
|---|---|---|---|
| **1.** | ശ്രീമതി. എ.യു. അനിത | സീനിയർ ക്ലാർക്ക് | പെൻ നമ്പർ- 419296 |
| **2.** | ശ്രീ. ജ്യോതി | സീനിയർ ക്ലാർക്ക് | |
| **3.** | ശ്രീമതി. കെ.എസ്. ഗീതാ കുമാരി | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്. | |

**2)** ചുവടെ പേരു ചേർക്കുന്ന ജീവനക്കാരുടെ സേവന പുസ്തകത്തിൽ SLI, GIS, GPF, NPS എന്നിവ സംബന്ധിച്ച വിവരങ്ങൾ ചേർക്കേണ്ടതാണ്.

| | | |
|---|---|---|
| **1.** | ശ്രീമതി. ലിറ്റി ജോർജ്ജ് | ഓഫീസ് അറ്റൻഡന്റ് |
| **2.** | ശ്രീ. സുബാഷ് | എൽ.ഡി. ക്ലാർക്ക് |
| **3.** | ശ്രീ. ബാല സുബ്രഹ്മണ്യൻ നായർ | എൽ.ഡി. ക്ലാർക്ക് |
| **4.** | ശ്രീ. റോഷൻ ഐസക് ജോൺ | |
| **5.** | ശ്രീ. വി. സുനിൽ കുമാർ. | എൽ.ഡി. ക്ലാർക്ക് |

## ഡി) ബാങ്ക് അക്കൗണ്ടുകൾ

1) 8443-106-PA A/c
2) STSB 708011400000262

} ജില്ലാ ട്രഷറി, കോട്ടയം

ഈ അക്കൗണ്ടിൽ പരിശോധനാ ദിവസം (10.07.2019) നീക്കി ബാക്കി ഇല്ല.

## പൊതു അഭിപ്രായം

കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി ബ്ലോക്ക്/ നഗരസഭ തലങ്ങളിൽ ചെലവഴിക്കുന്ന തുക സംബന്ധിച്ചുള്ള വിവരം രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

അംഗീകാരത്തിനായി സമർപ്പിക്കുന്നു

**സീനിയർ ഫിനാൻസ് ഓഫീസർ**

Sr Sup - Fin D.

എസ്.ജെ. 28.11.2019